(ഡി) ഉദിക്കുന്നില്ല.

(ഇ) ഈ വർദ്ധനവ് സാധാരണക്കാരെ കോടതി വ്യവഹാരങ്ങളിൽ നിന്നും അകറ്റി നിർത്താൻ ഇടയാക്കുകയില്ല.

(എഫ്) ഈ പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല.

സ്ഥലം വാങ്ങി രജിസ്റ്റർ ചെയ്തതിന് കുറഞ്ഞുപോയ സ്റ്റാമ്പ് ഡ്യൂട്ടിയുടെ 30% കഴിച്ചുള്ള തുക നൽകാൻ നടപടി

25 (1335) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥലം വാങ്ങി രജിസ്റ്റർ ചെയ്തതിന് കുറഞ്ഞുപോയ സ്റ്റാമ്പ് ഡ്യൂട്ടിയുടെ 30% തുക അടച്ചാൽ മതിയെന്ന ഉത്തരവ് നിലവിലുണ്ടോ ;

(ബി) ഇതിന് മുൻപ് തവണകളായി അടയ്ക്കാനുള്ള നിർദ്ദേശമനുസരിച്ച് പണമടച്ചവർക്കും 30% തുക കഴിച്ചുള്ള തുകതിരിച്ച് നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത തടസ്സം നീക്കി 30% കഴിച്ചുള്ള തുക തിരിച്ച് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള കോമ്പൗണ്ടിംഗ് പദ്ധതി സംബന്ധിച്ച ഉത്തരവുകളിൽ പണമടച്ചവർക്ക് 30% തുക കഴിച്ചുള്ള തുക തിരിച്ച് നൽകുന്നതിന് വ്യവസ്ഥയില്ല.

(സി) (ബി) വിഭാഗം ചോദ്യത്തിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിന് നടപടി

26 (1336) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ചേരികളിലും പുറംപോക്കുകളിലുമായി എത്ര ഭവനരഹിതരായ കുടുംബങ്ങൾ അധിവസിക്കുന്നുവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത് ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളത് ; പ്രസ്തുത പദ്ധതികൾ നിലവിൽ വന്നത് എപ്പോഴാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര ചേരി നിവാസികളേയും എത്ര പുറംപോക്ക് നിവാസികളേയും പുനരധിവസിപ്പിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ഡി) 1996-97 മുതൽ 2003-04 സാമ്പത്തിക വർഷം വരെ ഓരോ സാമ്പത്തിക വർഷവും ഇത്തരം പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ വിഷയം ഇപ്പോൾ കൈകാര്യം ചെയ്യുന്നത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളായതിനാൽ ഇതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് റവന്യൂ വകുപ്പിൽ ലഭ്യമല്ല. ലഭ്യമായിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ ഒഴികെയുള്ള ജില്ലകളിൽ 19,979 കുടുംബങ്ങൾ അധിവസിക്കുന്നതായി കണക്കാക്കുന്നു.

(ബി) റവന്യൂ വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

(സി) റവന്യൂ വകുപ്പ് വഴി പുനരധിവസിപ്പിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹൗസിംഗ് ബോർഡ് വിലയാധാരം നൽകുന്നതിലെ കാലതാമസം

27(1337) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസിംഗ് ബോർഡ് നൽകുന്ന സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും, ഫ്ളാറ്റുകളുടെയും വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(ബി) വിലയാധാരം പൂർണ്ണമായും അടച്ചുതീർത്തിട്ടും വിലയാധാരം രജിസ്റ്റർ ചെയ്തുനൽകുന്നതിന് വേണ്ടി ഹൗസിംഗ് ബോർഡിനെതിരെ എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിശ്ചയിക്കുന്ന വില അടച്ചുതീർത്തിട്ടും വിലയാധാരം രജിസ്റ്റർ ചെയ്ത് നൽകുന്നതിൽ കാലതാമസം ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ;

(ഡി) ഹൗസിംഗ് ബോർഡ് നിശ്ചയിക്കുന്ന വിലയിൽ മാറ്റം വരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പൊതുസ്ഥലത്തിന്റെയും സൗകര്യങ്ങളുടെയും ആനുപാതിക വില, പദ്ധതിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടി വരുന്ന ചെലവ്, ഭൂവികസന പ്രവർത്തനങ്ങൾക്കും കെട്ടിട നിർമ്മാണത്തിനുമുള്ള ചെലവുകൾ, ഭരണ

LIBRARY ARCHIVES Kerala Legislative Assembly